**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 561** **28-01-2026-ൽ മറുപടിയ്ക്ക്**

## കിഫ്ബി പ്രവൃത്തികളുടെ പുരോഗതി

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ ശ്രീ. വി. ഡി. സതീശൻ

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ (മുഖ്യമന്ത്രി)

**(എ)** ലോകനാർക്കാവ് മ്യൂസിയം പ്രവൃത്തി, പെരിഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി, മൊകേരി കോളേജ് ലേഡീസ് ഹോസ്റ്റൽ നിർമ്മാണം എന്നീ കിഫ്ബി പ്രവൃത്തികൾ ഏതുഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ;

**മറുപടി: ലോകനാർക്കാവ് മ്യൂസിയം പ്രവൃത്തി :-** 2019-20 ലെ ബജറ്റ് പ്രസംഗത്തിൽ തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയായി സർക്കാർ പ്രഖ്യാപിച്ചു. ഇതനുസരിച്ച് 145.54 കോടി രൂപയുടെ ഭരണാനുമതി പദ്ധതിക്ക് അനുവദിക്കുകയും, പദ്ധതി നടപ്പാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) ലിമിറ്റഡിനെ നിയോഗിക്കുകയും ചെയ്തു. ലോകനാർകാവ് വികസന പ്രവൃത്തിക്കായി കിഫ്ബിയിൽ നിന്ന് 6,69,28,524.54 രൂപയുടെ സാമ്പത്തിക അനുമതി നൽകി. ഒന്നാം ഘട്ട പ്രവൃത്തികൾ (മ്യൂസിയം കെട്ടിടം ഒഴികെയുള്ള പ്രവൃത്തികൾ) 30.12.2023-ന് പൂർത്തീകരിച്ചു. തുടർന്ന്, രണ്ടാംഘട്ടമായി അതീവ പഴക്കമുള്ള കൊട്ടാരം കെട്ടിടം മ്യൂസിയമായി മാറ്റുന്നതിനായുള്ള നവീകരണ പ്രവൃത്തികളാണ് ഇപ്പോൾ പുരോഗമിക്കുന്നത്. കെട്ടിടം വളരെ പഴക്കമുള്ളതായതിനാൽ നിലവിലുള്ള സൂപ്പർസ്ട്രക്ചറിന് ആവശ്യമായ ബലപ്പെടുത്തൽ ആവശ്യമാണ്. അതിനാൽ കെട്ടിടത്തിന്റെ സുരക്ഷ ഉറപ്പുവരുത്തുന്ന വിധത്തിൽ ആവശ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചുകൊണ്ടാണ് പ്രവൃത്തികൾ നടത്തിവരുന്നത്. മ്യൂസിയം കെട്ടിട നവീകരണം, പ്ലംബിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവൃത്തികളാണ് ഈ ഘട്ടത്തിൽ ഉൾപ്പെടുന്നത്. 09/05/2025 ന ആരംഭിച്ച പ്രവൃത്തി നിലവിൽ 9 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. പദ്ധതി 2026 ജൂൺ മാസത്തോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന പ്രതീക്ഷിക്കുന്നു.

**പെരിഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി :-** ജലവിഭവ വകുപ്പിന് കീഴിലുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) മുഖേന കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കി വരുന്ന നിർമ്മാണ പദ്ധതിയാണ് പെരിഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്. പ്രസ്തുത പദ്ധതിക്ക് ₹68.36 കോടി രൂപയുടെ ധനാനുമതി 07-09-2019 ൽ കിഫ്ബി നൽകുകയും തുടർന്ന 2-05-2023 ൽ 72.63 കോടി രൂപയുടെ പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തു. ടി പദ്ധതി കെ.ഐ.ഐ.ഡി.സി. ടെൻഡർ ചെയ്ത് 07.09.2020-ന് കരാർ നൽകി പ്രവൃത്തി ആരംഭിച്ചു. പദ്ധതിയുടെ നിർമാണം

നിലവിൽ 30% പൂർത്തീകരിച്ചു. ഇടതുകരയിലെ സംരക്ഷണ ഭിത്തിയും, ഒരു പിയറും, അബറ്മന്റ്റും, ഇടതുകരയിലെ പൈലിങ് പ്രവർത്തികളും പൂർത്തീകരിച്ചു എന്ന് പദ്ധതിയുടെ നിർവ്വഹണ ഏജൻസി ആയ KIIDC അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ ആരംഭഘട്ടത്തിലുള്ള പൈലിംഗ് പ്രവൃത്തികൾ ആരംഭിക്കുന്നതിനായി റിംഗ് ബണ്ടിന്റെ പ്രവൃത്തികൾ ആവശ്യമായിരുന്നു. പദ്ധതി പ്രദേശത്തിന്റെ സ്ഥിതി അനുസരിച്ച് റിംഗ് ബണ്ടിൽ അനിവാര്യമായ മാറ്റങ്ങൾ വരുത്തി, പുതുക്കിയ രീതിയിലുള്ള ഡിസൈനും, നിരക്കും പ്രകാരമുള്ള റിംഗ് ബണ്ടാണ് നിർമ്മിച്ചത്. ഈ മാറ്റം കാരണം ടി പ്രവൃത്തിയുടെ തുകയിൽ വലിയ വർദ്ധനവ് ഉണ്ടാവുകയും ചെയ്തു. എന്നാൽ കരാറിലുണ്ടായ വ്യതിയാനത്തിനു കിഫ്ബിയിൽ നിന്നും അനുമതി ലഭിച്ചിരുന്നില്ല. അനുമതി ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് KIIDC 22-12-2021 തീയതിയാണ് കിഫ്ബിയിൽ സമർപ്പിച്ചത് . എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ചപ്പോൾ KIIDC നിർദ്ദേശിച്ച റേറ്റിൽ അപാകതകൾ കണ്ടെത്തുകയും അത് പരിഹരിച്ചു റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഈ വ്യതിയാനങ്ങൾ അംഗീകരിക്കാൻ കരാറുകാരൻ തയ്യാറായിരുന്നില്ല. ഇതുമൂലം റിവൈസ്ഡ് എസ്റ്റിമേറ്റിനു അംഗീകാരം നൽകുന്നതിന് കാലതാമസം നേരിട്ടു. തുടർന്നു KIIDC ആയിട്ടു നടന്ന ചർച്ചകൾക്ക് ശേഷം സർക്കാർ മാനദണ്ഡങ്ങൾക് അനുസൃതമായി റിവൈസ്ഡ് എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തുകയും, തുടർന്ന് കിഫ്ബിയിൽ നിന്നും 22-01-2026-നു അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നല്കുന്നതിന് കാലതാമസം നേരിട്ടതിനാൽ കരാറുകാരന്റെ ബിൽ പേയ്മെന്റിന് തടസം നേരിടുകയും, തുടർന്ന് കരാറുകാരൻ പണി നിർത്തിവയ്ക്കുകയും ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചതിനാൽ supplementary agreement വച്ചു കഴിഞ്ഞാൽ കരാറുകാരന് പദ്ധതി പുനരാരംഭിക്കാൻ സാധിക്കുന്നതാണ്.

**<u>മൊകേരി കോളേജ് ലേഡീസ് ഹോസ്റ്റൽ നിർമ്മാണം :-</u>**

04-02-2019-ലെ ഉത്തരവിൻ പ്രകാരം മൊകേരി ഗവ.കോളേജിൽ ലൈബ്രറി ബ്ലോക്ക്, ഹോസ്റ്റൽ ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിന് 6.99 കോടി രൂപ കിഫ്ബി അനുവദിച്ചിരുന്നു. തുടർന്ന് 09-03-2021-ലെ ഉത്തരവിൻ പ്രകാരം ടി തുക 7.699 കോടി രൂപയായും 03-01-2025-ലെ ഉത്തരവിൻ പ്രകാരം 8.58 കോടി രൂപയായും ഉയർത്തി നൽകിയിരുന്നു. എസ്.പി. വി ആയ കിറ്റ് കോ ലൈബ്രറി ബ്ലോക്ക് പ്രവൃത്തി പൂർത്തീകരിച്ച് കോളേജിന് കൈമാറിയിട്ടുണ്ടെങ്കിലും ലേഡിസ് ഹോസ്റ്റൽ പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. ലേഡീസ് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിക്കായി അധികൃതർ നിലവിൽ കണ്ടെത്തിയ സ്ഥലത്തേക്കുള്ള പ്രവേശന വഴി പൂർത്തിയാകുന്നതുവരെ പ്രസ്തുത നിർമ്മാണ പ്രവൃത്തി തൽക്കാലം മാറ്റിവയ്ക്കുന്നതായും പ്രവേശന വഴി പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തിയുടെ പ്രായോഗികത പരിശോധിച്ച ശേഷം ആയത് കിഫ്ബി മുഖേന നടപ്പിലാക്കുന്ന വിഷയം വീണ്ടും പരിഗണിക്കുന്നതാണെന്നും 26-03-2024-ലെ കത്ത് പ്രകാരം ബഹു.എം.എൽ.എ (കുറ്റ്യാടി)-യെ അറിയിച്ചിട്ടുണ്ട്. പ്രവേശന വഴി സംബന്ധിച്ച റിപ്പോർട്ട് ഒന്നും തന്നെ കിഫ്ബിയിൽ നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, തുടരനുമതി കിഫ്ബി നൽകിയിട്ടില്ല. പ്രസ്തുത റിപ്പോർട്ട് സഹിതം എസ്.പി.വി.യിൽ നിന്നും ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബി പരിശോധിച്ച് മാനദണ്ഡങ്ങൾക്കു വിധേയമായി അംഗീകാരം നൽകാവുന്നതും പദ്ധതി യഥാസമയം ആരംഭിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികളുമായി എസ്.പി.വി-യ്ക്ക് മുന്നോട്ടു പോകാവുന്നതുമാണ്.

**(ബി)** പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** **<u>ലോകനാർക്കാവ് മ്യൂസിയം പ്രവൃത്തി :-</u>** 2019–20 ലെ ബജറ്റ് പ്രസംഗത്തിൽ തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയായി സർക്കാർ പ്രഖ്യാപിച്ചു. ഇതനുസരിച്ച് 145.54 കോടി രൂപയുടെ ഭരണാനുമതി പദ്ധതിക്ക്

അനുവദിക്കുകയും, പദ്ധതി നടപ്പാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) ലിമിറ്റഡിനെ നിയോഗിക്കുകയും ചെയ്തു. ലോകനാർകാവ് വികസന പ്രവൃത്തിക്കായി കിഫ്ബിയിൽ നിന്ന് 6,69,28,524.54 രൂപയുടെ സാമ്പത്തിക അനുമതി നൽകി. ഒന്നാം ഘട്ട പ്രവൃത്തികൾ (മ്യൂസിയം കെട്ടിടം ഒഴികെയുള്ള പ്രവൃത്തികൾ) 30.12.2023-ന് പൂർത്തീകരിച്ചു. തുടർന്ന്, രണ്ടാംഘട്ടമായി അതീവ പഴക്കമുള്ള കൊട്ടാരം കെട്ടിടം മ്യൂസിയമായി മാറ്റുന്നതിനായുള്ള നവീകരണ പ്രവൃത്തികളാണ് ഇപ്പോൾ പുരോഗമിക്കുന്നത്. കെട്ടിടം വളരെ പഴക്കമുള്ളതായതിനാൽ നിലവിലുള്ള സൂപ്പർസ്ട്രക്ചറിന് ആവശ്യമായ ബലപ്പെടുത്തൽ ആവശ്യമാണ്. അതിനാൽ കെട്ടിടത്തിന്റെ സുരക്ഷ ഉറപ്പുവരുത്തുന്ന വിധത്തിൽ ആവശ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചുകൊണ്ടാണ് പ്രവൃത്തികൾ നടത്തിവരുന്നത്. മ്യൂസിയം കെട്ടിട നവീകരണം, പ്ലംബിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവൃത്തികളാണ് ഈ ഘട്ടത്തിൽ ഉൾപ്പെടുന്നത്. 09/05/2025 ന് ആരംഭിച്ച പ്രവൃത്തി നിലവിൽ 9 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. പദ്ധതി 2026 ജൂൺ മാസത്തോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**<u>പെരിഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി :-</u>** ജലവിഭവ വകുപ്പിന് കീഴിലുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) മുഖേന കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കി വരുന്ന നിർമ്മാണ പദ്ധതിയാണ് പെരിഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്. പ്രസ്തുത പദ്ധതിക്ക് ₹68.36 കോടി രൂപയുടെ ധനാനുമതി 07-09-2019 ൽ കിഫ്ബി നൽകുകയും തുടർന്ന് 2-05-2023 ൽ 72.63 കോടി രൂപയുടെ പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തു. ടി പദ്ധതി കെ.ഐ.ഐ.ഡി.സി. ടെൻഡർ ചെയ്ത് 07.09.2020-ന് കരാർ നൽകി പ്രവൃത്തി ആരംഭിച്ചു. പദ്ധതിയുടെ നിർമാണം നിലവിൽ 30% പൂർത്തീകരിച്ചു. ഇടതുകരയിലെ സംരക്ഷണ ഭിത്തിയും, ഒരു പിയറും, അബറ്റ്മെന്റും, ഇടതുകരയിലെ പൈലിങ് പ്രവർത്തികളും പൂർത്തീകരിച്ചു എന്ന് പദ്ധതിയുടെ നിർവ്വഹണ ഏജൻസി ആയ KIIDC അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ ആരംഭഘട്ടത്തിലുള്ള പൈലിംഗ് പ്രവൃത്തികൾ ആരംഭിക്കുന്നതിനായി റിംഗ് ബണ്ടിന്റെ പ്രവൃത്തികൾ ആവശ്യമായിരുന്നു. പദ്ധതി പ്രദേശത്തിന്റെ സ്ഥിതി അനുസരിച്ച് റിംഗ് ബണ്ടിൽ അനിവാര്യമായ മാറ്റങ്ങൾ വരുത്തി, പുതുക്കിയ രീതിയിലുള്ള ഡിസൈനും, നിരക്കും പ്രകാരമുള്ള റിംഗ് ബണ്ടാണ് നിർമ്മിച്ചത്. ഈ മാറ്റം കാരണം ടി പ്രവൃത്തിയുടെ തുകയിൽ വലിയ വർദ്ധനവ് ഉണ്ടാവുകയും ചെയ്തു. എന്നാൽ കരാറിലുണ്ടായ വ്യതിയാനത്തിനു കിഫ്ബിയിൽ നിന്നും അനുമതി ലഭിച്ചിരുന്നില്ല. അനുമതി ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് KIIDC 22-12-2021 തീയതിയാണ് കിഫ്ബിയിൽ സമർപ്പിച്ചത് . എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ചപ്പോൾ KIIDC നിർദ്ദേശിച്ച റേറ്റിൽ അപാകതകൾ കണ്ടെത്തുകയും അത് പരിഹരിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഈ വ്യതിയാനങ്ങൾ അംഗീകരിക്കാൻ കരാറുകാരൻ തയ്യാറായിരുന്നില്ല. ഇതുമൂലം റിവൈസ്ഡ് എസ്റ്റിമേറ്റിനു അംഗീകാരം നൽകുന്നതിന് കാലതാമസം നേരിട്ടു. തുടർന്ന് KIIDC ആയിട്ട് നടന്ന ചർച്ചകൾക്ക് ശേഷം സർക്കാർ മാനദണ്ഡങ്ങൾക് അനുസൃതമായി റിവൈസ്ഡ് എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തുകയും, തുടർന്ന് കിഫ്ബിയിൽ നിന്നും 22-01-2026-ന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നല്കുന്നതിന് കാലതാമസം നേരിട്ടതിനാൽ കരാറുകാരന്റെ ബിൽ പേയ്മെന്റിന് തടസം നേരിടുകയും, തുടർന്ന് കരാറുകാരൻ പണി നിർത്തിവയ്ക്കുകയും ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചതിനാൽ supplementary agreement വച്ച് കഴിഞ്ഞാൽ കരാറുകാരന് പദ്ധതി പുനരാരംഭിക്കാൻ സാധിക്കുന്നതാണ്.

**<u>മൊകേരി കോളേജ് ലേഡീസ് ഹോസ്റ്റൽ നിർമ്മാണം :-</u>**

04-02-2019-ലെ ഉത്തരവിൻ പ്രകാരം മൊകേരി ഗവ.കോളേജിൽ ലൈബ്രറി ബ്ലോക്ക്, ഹോസ്റ്റൽ ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിന് 6.99 കോടി രൂപ കിഫ്ബി അനുവദിച്ചിരുന്നു. തുടർന്ന് 09-03-2021-ലെ ഉത്തരവിൻ പ്രകാരം ടി തുക 7.699 കോടി രൂപയായും 03-01-2025-ലെ ഉത്തരവിൻ പ്രകാരം 8.58 കോടി രൂപയായും ഉയർത്തി നൽകിയിരുന്നു. എസ്.പി. വി ആയ കിറ്റ് കോ ലൈബ്രറി ബ്ലോക്ക് പ്രവൃത്തി പൂർത്തീകരിച്ച് കോളേജിന് കൈമാറിയിട്ടുണ്ടെങ്കിലും ലേഡിസ് ഹോസ്റ്റൽ പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. ലേഡീസ് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിക്കായി അധികൃതർ നിലവിൽ കണ്ടെത്തിയ സ്ഥലത്തേക്കുള്ള പ്രവേശന വഴി പൂർത്തിയാകുന്നതുവരെ പ്രസ്തുത നിർമ്മാണ പ്രവൃത്തി തൽക്കാലം മാറ്റിവയ്ക്കുന്നതായും പ്രവേശന വഴി പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തിയുടെ പ്രായോഗികത പരിശോധിച്ച ശേഷം ആയത് കിഫ്ബി മുഖേന നടപ്പിലാക്കുന്ന വിഷയം വീണ്ടും പരിഗണിക്കുന്നതാണെന്നും 26-03-2024-ലെ കത്ത് പ്രകാരം ബഹു.എം.എൽ.എ (കുറ്റ്യാടി)-യെ അറിയിച്ചിട്ടുണ്ട്. പ്രവേശന വഴി സംബന്ധിച്ച റിപ്പോർട്ട് ഒന്നും തന്നെ കിഫ്ബിയിൽ നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, തുടരനുമതി കിഫ്ബി നൽകിയിട്ടില്ല. പ്രസ്തുത റിപ്പോർട്ട് സഹിതം എസ്.പി.വി.യിൽ നിന്നും ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബി പരിശോധിച്ച് മാനദണ്ഡങ്ങൾക്ക വിധേയമായി അംഗീകാരം നൽകാവുന്നതും പദ്ധതി യഥാസമയം ആരംഭിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികളുമായി എസ്.പി.വി-യ്ക്ക് മുന്നോട്ട് പോകാവുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**